LIBRARY ARCHIVES Kerala Legislative Assembly

വാഹനത്തിരക്കും റോഡിന്റെ ശോചനീയാവസ്ഥയും

350 (361) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കെ.എസ്.ആർ.റ്റി.സി ബസുകളുടെയും സ്വകാര്യ ബസുകളുടെയും സമയക്രമവും റണ്ണിംഗ് ടൈമും നിശ്ചയിച്ച് നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ബി) റോഡുകളുടെ ശോചനീയാവസ്ഥ പരിഗണിച്ച് റണ്ണിംഗ് ടൈമിൽ പുനക്രമീകരണം നടത്തി നൽകാറുണ്ടോ ;

(സി) റോഡുകളുടെ ശോചനീയാവസ്ഥയും വാഹനത്തിരക്കും മറ്റും കാരണം സമയനഷ്ടമുണ്ടാകുന്ന സാഹചര്യത്തിൽ സമയകൃത്യത പാലിക്കുന്നതിനായി ഡ്രൈവർമാർ നടത്തുന്ന മത്സരയോട്ടം അപകടങ്ങൾ ഉണ്ടാക്കുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്തെ കെ.എസ്.ആർ.റ്റി.സി, സ്വകാര്യ ബസുകളുടെ സമയക്രമം, റണ്ണിംഗ് ടൈം എന്നിവ റോഡുകളുടെ ശോചനീയാവസ്ഥ കൂടി കണക്കിലെടുത്ത് പുനക്രമീകരണം നടത്തി നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ബസുകളുടെയും സ്വകാര്യ ബസുകളുടെയും സമയക്രമവും റണ്ണിംഗ് ടൈമും നിശ്ചയിച്ച് നൽകുന്നതിന്റെ മാനദണ്ഡങ്ങൾ ഡി3/875/എസ്.ടി.എ./2005 എന്ന ഉത്തരവ് പ്രകാരമാണ്. താഴെ സൂചിപ്പിച്ചിരിക്കുന്ന മാനദണ്ഡങ്ങളാണ് ബസ്സുകൾക്ക് സമയക്രമം അനുവദിക്കുന്നതിനായി പരിഗണിക്കുന്നത്.

1. ഹെവി സവാരി വാഹനങ്ങൾക്ക് നിഷ്കർഷിച്ചിട്ടുള്ള പരമാവധി വേഗത വാഹനത്തിന്റെ മുല്യ ഭാരത്തിന്റെ വിവേചനം ഇല്ലാതെതന്നെ എല്ലാതരം സ്റ്റേജ് ക്യാര്യേജ് വാഹനങ്ങളും നിശ്ചയമായും പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.
2. യാത്രക്കാരുടെ സുരക്ഷയ്ക്ക് പ്രഥമ പരിഗണന നൽകുക.
3. മിതമായ വേഗതയിൽ സഞ്ചരിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
4. വാഹനങ്ങളുടെ സമയക്രമത്തിലുള്ള വ്യത്യാസം ആരോഗ്യകരമല്ലാത്ത മത്സര ഓട്ടത്തിന് കാരണമാകുന്നത് ഒഴിവാക്കുക
5. ഇപ്പോൾ നിലവിലുള്ള സമയക്രമം പുനർക്രമീകരിക്കുന്നത് കഴിവതും ഒഴിവാക്കുക.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) 25-6-2015-ൽ നടന്ന എസ്.റ്റി.എ. തീരുമാനമനുസരിച്ച് ഇതുസംബന്ധിച്ചുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിനായി റിസർച്ച് & ഡെവലപ്മെന്റ് ടീമിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

വള്ളിക്കാപ്പറ്റയിൽ ബസ് സ്റ്റോപ്പ്

351 (362) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിന്തൽമണ്ണ-മഞ്ചേരി റൂട്ടിലെ വള്ളിക്കാപ്പറ്റയിൽ കെ.എസ്.ആർ.ടി.സി-യുടെ ദീർഘദൂര ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടും ഇത് വരെ സ്റ്റോപ്പ് അനുവദിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കെ.എസ്.ആർ.ടി.സിയുടെ ദീർഘദൂര ബസ്സുകൾക്ക് വള്ളിക്കാപ്പറ്റയിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വള്ളിക്കാപ്പറ്റയിൽ കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവ്വീസുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്ന വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പെരിന്തൽമണ്ണ യൂണിറ്റധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അമിതവേഗം നിയന്ത്രിക്കുന്നതിന് നിരീക്ഷണ ക്യാമറകൾ

352 (363) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി ടൗണിൽ ചങ്ങനാശ്ശേരി ബൈപാസ്സിൽ വാഹനങ്ങളുടെ അമിത വേഗം നിയന്ത്രിക്കുന്നതിന് നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അപകടങ്ങൾ സാധാരണമായ പ്രസ്തുത റോഡിൽ ക്യാമറകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly